2023
APRIL
22
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സ്വകാര്യ മേഖലയ്ക്കും ആധാർ ഉപയോഗിക്കാൻ അവസരം

**ന്യൂഡൽഹി:** സർക്കാർ സ്ഥാപനങ്ങൾക്കു പുറമേ സ്വകാര്യ സ്ഥാപനങ്ങൾക്കും ആധാർ ഉപയോഗിക്കാൻ (ഓതന്റിക്കേഷൻ) അവസരമൊരുങ്ങുന്നു. ഇതു സംബന്ധിച്ച കരട് ഭേദഗതിയിന്മേൽ കേന്ദ്ര ഐടി മന്ത്രാലയം പൊതുജനാഭിപ്രായം തേടി. നിലവിൽ സർക്കാർ വകുപ്പുകൾ/മന്ത്രാലയങ്ങൾ, ടെലികോം, ബാങ്കിങ് സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കാണ് ആധാർ ഓതന്റിക്കേഷൻ നടത്താൻ അനുമതിയുള്ളത്.

കരടുഭേദഗതി നടപ്പായാൽ ഏത് സ്വകാര്യസ്ഥാപനത്തിനും ആധാർ ഉപയോഗിക്കാൻ വഴിയൊരുങ്ങും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സദ്ഭരണം ഉറപ്പാക്കൽ, സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ പാഴാക്കുന്നത് തടയുക, ഇന്നവേഷൻ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് നിലവിൽ ആധാർ ഉപയോഗിക്കാൻ അനുമതിയുള്ളത്. ജീവിതം കൂടുതൽ എളുപ്പമാക്കുന്നതിനും (ഈസ് ഓഫ് ലിവിങ്) മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും ആധാർ ഉപയോഗിക്കാൻ കരടുഭേദഗതിയിൽ വ്യവസ്ഥ ഉൾച്ചേർത്തു.

ഇവയിലേതെങ്കിലുമൊരു കാര്യത്തിന് ഒരു സ്വകാര്യ സ്ഥാപനത്തിന് ആധാർ ഉപയോഗിക്കാൻ താൽപര്യമുണ്ടെങ്കിൽ ആ മേഖലയുമായി ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്ര സർക്കാർ വകുപ്പിന് അപേക്ഷ നൽകാം. ആവശ്യം ന്യായമെന്ന് കണ്ടാൽ ഇത് അംഗീകാരത്തിനായി കേന്ദ്രത്തിനും ആധാർ അതോറിറ്റിക്കും (യുഐഡിഎഐ) കൈമാറും. മേയ് 5 വരെ അഭിപ്രായം അറിയിക്കാം.

## ആപ്പിളിന്റെ രണ്ടാമത്തെ സ്റ്റോർ ഡൽഹിയിൽ തുറന്നു



**ന്യൂഡൽഹി:** ആപ്പിളിന്റെ ഇന്ത്യയിലെ രണ്ടാമത്തെ ഔദ്യോഗിക സ്റ്റോർ ഡൽഹിയിൽ തുടങ്ങി. സാകേതിലെ സിലെക്ട് സിറ്റിവോക്ക് മാളിലാണ് സ്റ്റോർ പ്രവർത്തിക്കുന്നത്. ആപ്പിൾ സിഇഒ ടിം കുക്ക് ഉപയോക്താക്കളെ സ്വാഗതം ചെയ്യാൻ സ്റ്റോറിൽ നേരിട്ടെത്തി. കഴിഞ്ഞദിവസം മുംബൈയിൽ തുറന്ന സ്റ്റോറിനേക്കാൾ ചെറുതാണ് ഡൽഹിയിലേത്. 40 ലക്ഷം രൂപയാണ് പ്രതിമാസ വാടക. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇന്ത്യയിൽ കൂടുതൽ നിക്ഷേപം നടത്തുമെന്ന് ടിം കുക്ക് അറിയിച്ചിട്ടുണ്ട്. ആപ്പിളിനു വേണ്ടി ഉപകരണങ്ങൾ നിർമിക്കുന്ന ഫാക്ടറികളിലെ തൊഴിലവസരങ്ങൾ ഇരട്ടിയായേക്കുമെന്നാണ് പ്രതീക്ഷ. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവ്, രാജീവ് ചന്ദ്രശേഖർ എന്നിവരെയും അദ്ദേഹം സന്ദർശിച്ചിരുന്നു.

# ഡീസൽ സെസ്: ലോറി ചരക്ക് കൂലി കൂടി



**കൊച്ചി:** ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഡീസലിന് 2 രൂപ സെസ് വന്നതോടെ ലോറികളിലൂടെയുള്ള കടത്ത് കൂലി കൂടി. ആനുപാതികമായി സാധനങ്ങൾക്കും വില കയറുകയാണ്. ഇലക്ട്രോണിക് ഉൽപന്നങ്ങൾക്കും ടുവീലറുകൾക്കും മാത്രമല്ല പച്ചക്കറിക്കും പല വ്യഞ്ജനങ്ങൾക്കും വില കൂടി. കൂട്ടാത്തവയ്ക്കും വർധന പ്രതീക്ഷിക്കുകയാണ് വിപണി. ലീറ്റർ ഡീസലിന് ശരാശരി 4 കിലോമീറ്റർ മൈലേജ് കിട്ടുന്ന ലോറിക്ക് 250 ലീറ്റർ ഡീസൽ അടിക്കുമ്പോൾ 2 രൂപ സെസ് നിരക്കിൽ 500 രൂപ അധിക ച്ചെലവാണ്.

സാധനങ്ങൾ മുഴുവൻ തമിഴ്നാട്ടിൽ നിന്നും ഉത്തരേന്ത്യയിൽ നിന്നും മറ്റും വരുന്നതിനാൽ ചരക്ക് കൂലി സ്വാഭാവികമായും കൂടി. മാത്രമല്ല നഗരങ്ങളിലെ മൊത്തക്കച്ചവടക്കാരിൽ നിന്ന് ഇടത്തരം പട്ടണത്തിലെ മൊത്തക്കച്ചവടക്കാരിലേക്കും അവരിൽ നിന്ന് പലവ്യഞ്ജന കടകളിലേക്കും സൂപ്പർ മാർക്കറ്റുകളിലേക്കും ഉൽപന്നങ്ങൾ പിന്നെയും നീങ്ങാനുണ്ട്. മൂന്ന് തട്ടായി വരുന്ന ചരക്ക് നീക്കത്തിന് ഇന്ധനച്ചെലവ് അതനുസരിച്ച് കൂടുന്നു. മിക്ക ലോറിക്കാരും ചരക്ക് കൂലിയിൽ 5% വർധന വരുത്തി.

കോയമ്പത്തൂരിലും മധുരയിലും വിരുദ്നഗറിലും നിന്നും മറ്റുമാണ് തമിഴ്നാട്ടിൽ നിന്നുള്ള ചരക്ക് കേരളത്തിലെത്തുന്നത്. ഇന്ധനച്ചെലവ് കൂടുമ്പോൾ കിലോഗ്രാമിന് 2 രൂപ മുതൽ 10 രൂപ വരെ വർധന ഉൽപന്ന വിലയിൽ പ്രതിഫലിക്കും. ഉദാഹരണമായി ഇവിടെ സവാള വില കിലോ 22, 25 രൂപ. തമിഴ്നാട് 12 രൂപ. ഉരുളക്കിഴങ്ങിന് ഇവിടെ 25,30 രൂപയെങ്കിൽ, തമിഴ്നാട്ടിൽ 15,16 രൂപ. ഉഴുന്നിനും പരിപ്പിനും പയറ് വർഗങ്ങൾക്കും വിലക്കയറ്റമുണ്ട്.സോപ്പ്, ടൂത്ത്പേസ്റ്റ് തുടങ്ങിയ എഫ്എംസിജി ഉൽപന്നങ്ങൾക്ക് എംആർപി ഉള്ളതിനാൽ ഇപ്പോൾ വർധന വന്നിട്ടില്ല. വിതരണക്കാരുടെ വരുമാനത്തിലാണ് ചരക്കുകൂലി വർധന ഇടിവുണ്ടാക്കുന്നത്. അവർ പരാതിപ്പെടുന്നതോടെ കമ്പനി നഷ്ടപരിഹാരം നൽകും. അടുത്തപടി ഉൽപന്നങ്ങളുടെ എംആർപിയിലെ വർധനയാണ്. ജൂലൈയിൽ തുടങ്ങുന്ന ത്രൈമാസത്തിൽ വില വർധന പ്രതീക്ഷിക്കാം. ഫ്രിജ്,ടിവി, എസി പോലുള്ള ഗൃഹോപകരണങ്ങൾക്കും ഇലക്ട്രോണിക് സാധനങ്ങൾക്കും ടുവീലറുകൾക്കും 5% വില വർധന ഉണ്ടായിട്ടുണ്ട്.

## കേരള സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണി; ഇൻഫിനിറ്റി സെന്റർ തുറക്കുന്നു

**കൊച്ചി:** കേരള സ്റ്റാർട്ടപ്പുകൾക്കു മുന്നിൽ ആഗോള ജാലകം തുറക്കാൻ ലക്ഷ്യമിട്ടു വിദേശ രാജ്യങ്ങളിൽ സ്റ്റാർട്ടപ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കാനുള്ള കേരള സ്റ്റാർട്ടപ് മിഷന്റെ പദ്ധതി ടേക്ക് ഓഫിന് ഒരുങ്ങുന്നു. മേയ് മധ്യത്തോടെ സ്റ്റാർട്ടപ് ഇൻഫിനിറ്റി പദ്ധതിക്കു തുടക്കമാകുമെന്നാണു പ്രതീക്ഷ. ആദ്യ ഘട്ടത്തിൽ യുഎസ്, യുഎഇ, ഓസ്ട്രേലിയ, ജർമനി എന്നീ രാജ്യങ്ങളിൽ സെന്റർ ആരംഭിക്കാനാണു നീക്കം. പദ്ധതി വിജയമെങ്കിൽ കൂടുതൽ രാജ്യങ്ങളിലേക്കു വ്യാപിപ്പിക്കും. ആഗോള പങ്കാളികളുമായി സഹകരിച്ചാണു സെന്ററുകൾ ആരംഭിക്കുക. ഓരോ രാജ്യത്തും വ്യത്യസ്ത പങ്കാളികളെ കണ്ടെത്തും. അതിനായി ടെൻഡർ നടപടികളും ആരംഭിച്ചു.

സ്റ്റാർട്ടപ് ഇൻഫിനിറ്റി സെന്ററുകൾ ആരംഭിക്കുമെന്നു കഴിഞ്ഞ സംസ്ഥാന ബജറ്റിലാണു പ്രഖ്യാപിച്ചത്. വിദേശ ഇന്ത്യക്കാർക്കു നാട്ടിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനു വഴിയൊരുക്കുകയെന്ന വിപുലമായ ലക്ഷ്യവും സ്റ്റാർട്ടപ് ഇൻഫിനിറ്റി സെന്ററുകൾക്കുണ്ടാകും. കേരളത്തിലെ സ്റ്റാർട്ടപ്പുകളുമായി സഹകരിച്ചും ഒറ്റയ്ക്കും സംരംഭങ്ങൾ ആരംഭിക്കാൻ സെന്ററുകൾ വിദേശ ഇന്ത്യക്കാരെ സഹായിക്കും.

## വന്ദേഭാരത് എക്സ്പ്രസ്; സമയവും ടിക്കറ്റ് നിരക്കും ഇന്ന് പ്രഖ്യാപിച്ചേക്കും

**തിരുവനന്തപുരം:** കേരളത്തിന് അനുവദിച്ച തിരുവനന്തപുരം കാസർകോട് വന്ദേഭാരത് എക്സ്പ്രസിൻറെ സമയക്രമവും ടിക്കറ്റ് നിരക്കും റെയിൽവേ ഇന്ന് പ്രഖ്യാപിക്കാൻ സാധ്യത. സമയക്രമത്തിൻറെ രൂപരേഖ റെയിൽവേ ബോർഡിൻറെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്. പരീക്ഷണ ഓട്ടം നടത്തിയ സമയത്തോട് അടുപ്പിച്ചാകും യഥാർഥ സമയക്രമം നിലവിൽ വരിക.

വന്ദേഭാരത് ഉദ്ഘാടനത്തോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രലിൽ എത്തിച്ചേരുന്നതും പുറപ്പെടുന്നതുമായ ട്രെയിനുകളുടെ നാളെ മുതലുള്ള സർവീസ് പുനക്രമീകരിച്ചിട്ടുണ്ട്.




# മെഗാ സീഫുഡ് പാർക്ക്: പുതിയ നിർമാണ യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ




**പൂച്ചാക്കൽ:** പള്ളിപ്പുറത്തെ മെഗാ സീഫുഡ് പാർക്കിൽ പുതിയ നിർമാണ യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ തുടങ്ങും. നിലവിൽ സജ്ജമാക്കിയിരിക്കുന്ന 68 ഏക്കറിൽ 31 യൂണിറ്റുകൾക്കാണ് സ്ഥലം അനുവദിച്ചിരിക്കുന്നത്. ഇതിൽ 12 യൂണിറ്റുകളാണ് പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. മത്സ്യസംസ്കരണ മേഖലയിലേത് ഉൾപ്പെടെയാണ് യൂണിറ്റുകൾ. ബാക്കി യൂണിറ്റുകൾ വൈകാതെ പ്രവർത്തനം തുടങ്ങും.

കഴിഞ്ഞ 11ന് മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്രമന്ത്രി പശുപതികുമാർ പരസും ചേർന്നാണ് ഫുഡ്പാർക്ക് പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചത്. പള്ളിപ്പുറം വ്യവസായവികസന കേന്ദ്രത്തിൽ വ്യവസായ വകുപ്പിന്റെ 84.05 ഏക്കറിൽ 128.49 കോടി രൂപ ചെലവഴിച്ചാണ് ഫുഡ് പാർക്ക് സ്ഥാപിച്ചത്. ഒന്നാം ഘട്ടമായ 68 ഏക്കറിലാണ് പാർക്ക് സജ്ജമായിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ 16 ഏക്കറിൽ അടിസ്ഥാന സൗകര്യ വികസനം പുരോഗമിക്കുകയാണ്. യൂണിറ്റുകൾ പൂർണമായി പ്രവർത്തനക്ഷമമാകുമ്പോൾ 1000 കോടി രൂപയുടെ നിക്ഷേപവും 3000 തൊഴിലവസരങ്ങളും ഉണ്ടാകുമെന്നാണ് കരുതുന്നത്. ഫുഡ് പാർക്കിന്റെ പദ്ധതി അടങ്കൽ തുക 128.49 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സഹായവും 72.49 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും ബാക്കി വായ്പയുമാണ്.

# പുതിയ അധ്യയന വർഷം മുതൽ കൂടുതൽ സ്കൂളുകളിൽ പ്രഭാതഭക്ഷണം: മന്ത്രി



**മറവൻതുരുത്ത് :** കേരളത്തിന്റെ വിദ്യാഭ്യാസ മേഖല രാജ്യത്തിനാകെ മാതൃകയെന്നും പുതിയ അധ്യയന വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ സ്കൂളുകളിൽ പ്രഭാതഭക്ഷണം നടപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മറവൻതുരുത്ത് ഗവ. യുപി സ്കൂളിൽ നിർമിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.കഴിഞ്ഞ 7 വർഷത്തിൽ 3,000 കോടി രൂപ സർക്കാർ വിദ്യാഭ്യാസ മേഖലയിൽ പുതിയ കെട്ടിടങ്ങളുടെ നിർമാണത്തിനായി ചെലവഴിച്ചു.സംസ്ഥാന സർക്കാർ അധികാരമേറ്റ് രണ്ടുവർഷം പൂർത്തിയാകുന്ന വേളയിൽ 76 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനത്തിനായി ഒരുങ്ങുകയാണ്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലയിലും പിടിഎ പ്രസിഡന്റുമാരുടെ യോഗം വിളിച്ചു ചേർക്കും.

മേയ് 5 മുതൽ 15 വരെ ജില്ലാ അടിസ്ഥാനത്തിൽ യോഗം വിളിച്ചു ചേർക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഈ വർഷം വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള മെച്ചപ്പെട്ട സൗകര്യം ഒരുക്കുകയും, അടുത്ത വർഷത്തിൽ കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ സർക്കാർ നടപ്പാക്കും. 12,037 സ്കൂളുകളിൽ 2,400 സ്കൂളുകളിലാണ് 202223 അധ്യയനവർഷത്തിൽ പ്രഭാതഭക്ഷണം നൽകി വരുന്നത്. ലഹരിവിരുദ്ധ സ്കൂൾ ക്യാംപസ് പദ്ധതിയുമായി ചേർന്ന് വിദ്യാർഥികളുടെ ലഹരി ഉപയോഗം തടയാനായി വിവിധ തലങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും, സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പാചക തൊഴിലാളികളുടെ ഓണറേറിയം നൽകുമെന്നും മന്ത്രി വി.ശിവൻകുട്ടി കൂട്ടിച്ചേർത്തു.അടുത്ത അധ്യയന വർഷത്തേക്കുള്ള വിദ്യാർഥികളുടെ പാഠ പുസ്തകങ്ങളുടെയും യൂണിഫോമിന്റെയും വിതരണവും മന്ത്രി നിർവഹിച്ചു.

പഴയ സ്കൂൾ കെട്ടിടത്തോടു ചേർന്ന് ഒരു കോടി രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമിച്ചത്. 4,800 ചതുരശ്ര അടി വിസ്തൃതിയിൽ മൂന്ന് നിലകളുള്ള കെട്ടിടത്തിൽ ആധുനിക നിലവാരത്തിലുള്ള 6 ക്ലാസ് മുറികളും ഒരു ഓഡിറ്റോറിയവുമാണ് ക്രമീകരിച്ചിരിക്കുന്നത്.സി.കെ.ആശ എംഎൽഎ അധ്യക്ഷത വഹിച്ചു. തോമസ് ചാഴികാടൻ എംപി മുഖ്യപ്രഭാഷണം നടത്തി. പൊതുവിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ പൊതു വിദ്യാഭ്യാസ സന്ദേശം നൽകി. മറവൻതുരുത്ത് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.ബി.രമ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ പി. എസ്.പുഷ്പമണി, ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.ടി.പ്രതാപൻ, ഗ്രാമപ്പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ സീമ ബിനു, ബി.ഷിജു, ബിന്ദു പ്രദീപ്, ഗ്രാമപ്പഞ്ചായത്തംഗങ്ങളായ സി.സുരേഷ് കുമാർ, പ്രീതി ഷിജു, പി. കെ.മല്ലിക, ഗീതാ ദിനേശൻ, എഇഒ എം.ആർ.സുനിമോൾ, ബിപിസി മമിത ബേബി, സി.പി.പ്രമോദ്, പിടിഎ പ്രസിഡന്റ് ആർ.ഗിരിമോൻ, സിഡിഎസ് അധ്യക്ഷ ബിന്ദു സുനിൽ എന്നിവർ പ്രസംഗിച്ചു.

# നേരേകടവ് മാക്കേക്കടവ് ജങ്കാർ നിർത്തി; യാത്രക്കാർ വലയുന്നു

**വൈക്കം:** നേരേകടവ് മാക്കേക്കടവ് ജങ്കാർ മുന്നറിയിപ്പില്ലാതെ നിർത്തിയത് യാത്രക്കാരെ വലയ്ക്കുന്നു. വേമ്പനാട്ടുകായലിനു കുറുകെ ഉദയനാപുരം തൈക്കാട്ടുശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കടത്ത് 11നാണ് നിർത്തിയത്. ഇതുവരെ സർവീസ് പുനഃസ്ഥാപിച്ചിട്ടില്ല. ദിനംപ്രതി നൂറുകണക്കിന് ഇരുചക്രവാഹന യാത്രികർ ഉൾപ്പെടെയുള്ള നിരവധി ജനങ്ങൾ ഈ ജങ്കാറിനെയാണ് ആശ്രയിക്കുന്നത്. മുന്നറിയിപ്പ് ഇല്ലാതെ തുടർച്ചയായി ജങ്കാർ സർവീസ് നിർത്തിയതിനെതിരെ പ്രതിഷേധം ശക്തമാണ്. വൈക്കം എറണാകുളം റോഡിൽ ഉദയനാപുരം ജംക്ഷനിൽ നിന്നും ഏകദേശം 3കിലോമീറ്ററിനു മുകളിൽ സഞ്ചരിച്ചു വേണം കടത്തുകടവിൽ എത്താൻ.അവിടെ എത്തുമ്പോഴാണ് കടത്ത് ഇല്ലാത്തത് പലരും അറിയുന്നത്.



# ചെങ്ങന്നൂർ ഫെസ്റ്റിന് തിരക്കേറുന്നു

**ചെങ്ങന്നൂർ:** കൗതുകവും വിജ്ഞാനവും പകർന്നു ചെങ്ങന്നൂർ ഫെസ്റ്റ്. കാഴ്ചക്കാരെ കാത്ത് ഊട്ടി മാതൃകയിൽ ഒരുക്കിയ പുഷ്പമേള മുതൽ വിഭവങ്ങളേറെയുണ്ട് ബിസിനസ് ഇന്ത്യ ഗ്രൗണ്ടിലെ ഫെസ്റ്റ് നഗറിൽ. പ്രൊവിഡൻസ് എൻജിനീയറിങ് കോളജ് വിദ്യാർഥികൾ കോളജിൽ തന്നെ വികസിപ്പിച്ചെടുത്ത 15 പ്രോജക്ടുകൾ ഫെസ്റ്റിലെ പ്രധാന ആകർഷണമാണ്.

ഓട്ടോമാറ്റിക് സ്പീഡ് കൺട്രോളിങ് ട്രാഫിക് സിസ്റ്റം, അഡ്വാൻസ്ഡ് ബോഡി പാരാമീറ്റർ മോണിറ്ററിങ് സിസ്റ്റം, ഓട്ടോമാറ്റിക് ഫ്ലോർ ക്ലീനിങ് റോബോട്ട്, സോളാർ ഗ്രാസ് കട്ടിങ് റോബോട്ട്, ഓട്ടോമാറ്റിക് ലോഡ് ഷെഡിങ് സിസ്റ്റം, മണ്ണിടിച്ചിൽ മുൻകൂട്ടി പ്രവചിക്കുന്ന സംവിധാനം എന്നിവയാണ് ജനശ്രദ്ധ ഏറെ ആകർഷിക്കുന്നത്.

സസ്യ പുഷ്പ ഫല പ്രദർശനങ്ങൾ, വിൽപനയ്ക്കായി കാറുകൾ, ഫർണിച്ചറുകൾ, പുസ്തകങ്ങൾ, അക്വേറിയങ്ങൾ, മത്സ്യങ്ങൾ, പക്ഷികൾ, അലങ്കാര ചെടികൾ, ഫലവൃക്ഷങ്ങൾ മുതൽ വിവിധ ഇനം ആഹാര സാധനങ്ങൾ, അച്ചാറുകൾ, മധുര പലഹാരങ്ങൾ തുടങ്ങിയവയുടെ വിപുലമായ ശേഖരം ഫെസ്റ്റിലുണ്ട്.

കുട്ടികൾക്കായി അമ്യൂസ്മെന്റ് പാർക്ക്, രുചി പകർന്ന് കുടുംബശ്രീ ഭക്ഷ്യമേള തുടങ്ങിയവ ഫെസ്റ്റിലെ പ്രത്യേകതകളാണ്. മനോഹരമായ പൂന്തോട്ടങ്ങൾ, ആകർഷകമായ സ്ഥലങ്ങൾ, അപൂർവ്വയിനം ജീവികൾ, പക്ഷികൾ എന്നിവയോടൊപ്പം സെൽഫി എടുക്കാനുള്ള സെൽഫി പൊയിന്റുകളുമുണ്ട്. രാവിലെ 11 മുതൽ രാത്രി 9 വരെയാണ് പ്രവേശനം. 23 ന് ഫെസ്റ്റ് സമാപിക്കും.

# ആറ്റിലെ മണൽനീക്കം: നടപടി വൈകുന്നു

**എരുമേലി:** പമ്പാ, അഴുത നദികളിൽ പ്രളയത്തിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യാനുള്ള നടപടി വൈകുന്നു. മഴക്കാലം എത്താൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെ ലക്ഷക്കണക്കിനു ടൺ മണലാണു നദികളിലുള്ളത്. മണൽ നീക്കം ചെയ്തില്ലെങ്കിൽ വരുന്ന മഴക്കാലത്തു വെള്ളപ്പൊക്കത്തിനു കാരണമാകുമെന്നാണ് ആശങ്കയുണ്ട്.

2018 ലെ പ്രളയത്തിൽ ഡാമുകൾ തുറന്നുവിട്ടതോടെ നദികളിൽ വൻതോതിൽ മണൽ ഒഴുകിയെത്തിയത്. മണൽ നിറഞ്ഞ് നദികളിലെ കയങ്ങൾ മൂടുകയും നദിയുടെ ആഴം കുറയുകയും ചെയ്തു. പമ്പാനദിയിൽ മൂലക്കയം, എയ്ഞ്ചൽവാലി. ആറാട്ടുകയം, കിസുമം ഭാഗങ്ങളിലാണ് ഏറ്റവും കൂടുതൽ മണൽ അടിഞ്ഞത്.അഴുതയാറ്റിൽ മൂക്കൻപെട്ടി, കാളകെട്ടി അഴുതക്കടവ്, കാളകെട്ടി വളക്കുലിക്കടവ് തുടങ്ങി മേഖലകളിലും കയങ്ങൾ മൂടി. ഇതിനു ശേഷമുള്ള 3 വർഷങ്ങളിലും മുൻപ് ഉണ്ടാകാത്ത വിധമുള്ള വെള്ളപ്പൊക്ക ഭീഷണിയാണ് ആറിന്റെ സമീപ പ്രദേശത്ത് താമസിക്കുന്നവർ നേരിട്ടത്. മണൽ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് എരുമേലി പഞ്ചായത്ത് പ്രമേയം പാസാക്കിയിരുന്നു.

അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനു ദുരന്തനിവാരണ നിയമം അനുസരിച്ചുള്ള അനുമതി വേണമെന്നാണു സർക്കാർ നിലപാട്.മണൽ അടിഞ്ഞ് ആഴം കുറഞ്ഞതുമൂലം ജലം ഉൾക്കൊള്ളാനുള്ള ശേഷി കുറ!ഞ്ഞു. ഇതോടെ മഴ മാറി നിന്നാൽ ആഴ്ചകൾക്കുള്ളിൽ ആറ് വറ്റിവരളും. ലവണാംശം കൂടുതലുള്ള മണൽ തീരത്ത് അടിഞ്ഞുകൂടിയതിനാൽ ആറിന്റെ തീരങ്ങളിലെ കൃഷിയെ പ്രതികൂലമായി ബാധിച്ചു. ആറിന്റെ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം അതിവേഗം വറ്റുന്നതായും പറയുന്നു. സർക്കാരിന്റെ നിർദേശമോ ഉത്തരവോ ലഭിച്ചാൽ മാത്രമേ മണൽ വാരി മാറ്റുന്നത് സംബന്ധിച്ച് തീരുമാനം എടുക്കാൻ കഴിയുവെന്നാണു പഞ്ചായത്ത് അധികൃതർ പറയുന്നത്.

മണൽ നിറഞ്ഞ് ആറുകളിലെ കയങ്ങൾ മൂടിയതോടെ പകൽ സമയങ്ങളിൽ ആറ്റിലെ വെള്ളത്തിനു ചൂടുകൂടുതലാണെന്നു നാട്ടുകാർ പറയുന്നു. നദികൾക്കു ആഴമില്ലാതെ വന്നതോടെ സൂര്യപ്രകാശം ഏറ്റു പെട്ടെന്നു വെള്ളം ചൂടാകുന്നു.

# കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കോൺക്ലേവ്: കളമശേരിയിൽ ഇന്ന് തുടക്കം

**കൊച്ചി:** കുടുംബശ്രീയുടെ 25ാം വാർഷികത്തോടനുബന്ധിച്ച് സൂക്ഷ്മസംരംഭ വികസനത്തിന്റെ ഭാഗമായി മൈക്രോ എന്റർപ്രൈസ് കോൺക്ലേവ് സംഘടിപ്പിക്കുന്നു. നൂതനമായ സംരംഭങ്ങൾ രൂപീകരിച്ചു കൊണ്ട് കുടുംബശ്രീ സംരംഭമേഖലയെ പുതിയ തലത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ഇന്ന് രാവിലെ കളമശ്ശേരി സമ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ എക്സൈസ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷത വഹിക്കും. ഇന്നും നാളെയുമാണ് പരിപാടികൾ. കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള 'ഷീ സ്റ്റാർട്സ്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും ഇതോടൊപ്പം നടക്കും. സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ പ്രോഗ്രാം (എസ്.വി.ഇ.പി) നടപ്പാക്കാൻ പുതുതായി അനുവദിച്ച പത്തു ബ്ളോക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനവും നടക്കും. കോൺക്ലേവിന്റെ ഭാഗമായുള്ള കുടുംബശ്രീ മെഷീനറിടെക്നോളജി എക്സ്പോയുടെ ഉദ്ഘാടനം നിയമ, വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ 1500ഓളം സംരംഭകർ പങ്കെടുക്കും. കുടുംബശ്രീയുടെ വിവിധ ഉപജീവന പദ്ധതികളെ കുറിച്ചുള്ള സെമിനാറുകൾ, പാനൽ ചർച്ചകൾ, വിജയിച്ച സംരംഭകരുടെ അനുഭവം പങ്കുവയ്ക്കൽ, സംരംഭക മീറ്റ്, മെഷീനറിടെക്നോളജി എക്സ്പോ, മികച്ച സംരംഭകരെ ആദരിക്കൽ, വിവിധ കലാപരിപാടികൾ എന്നിവയും ഉണ്ടാകും.□ഷീ സ്റ്റാർട്ട്സ്□ പദ്ധതിയുടെ ഭാഗമായി അടുത്ത മൂന്നു വർഷം കൊണ്ട് സംസ്ഥാനത്ത് 1.5 ലക്ഷം സംരംഭങ്ങൾ തുടങ്ങുകയാണ് ലക്ഷ്യം. ഇതുവഴി മൂന്നു ലക്ഷത്തോളം ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് തൊഴിലും മികച്ച വരുമാനവും ലഭ്യമാക്കാൻ കഴിയും. ഈ സാമ്പത്തിക വർഷം 40,000 സംരംഭങ്ങളെങ്കിലും രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സൂക്ഷ്മസംരംഭങ്ങളിലൂടെ സുസ്ഥിര ഉപജീവന മാർഗങ്ങൾ വലിയൊരു വിഭാഗം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള എസ്.വി.ഇ.പി പദ്ധതി നിലവിൽ 15 ബ്ളോക്കുകളിലാണ് നടപ്പാക്കുന്നത്. പുതുതായി നേമം (തിരുവനന്തപുരം), വെട്ടിക്കവല (കൊല്ലം), കോയിപ്രം (പത്തനംതിട്ട), ഏറ്റുമാനൂർ (കോട്ടയം), ആലങ്ങാട് (എറണാകുളം), പഴയന്നൂർ (തൃശൂർ), തൃത്താല (പാലക്കാട്), പെരുമ്പടപ്പ് (മലപ്പുറം), കുന്നുമ്മൽ (കോഴിക്കോട്), തളിപ്പറമ്പ് (കണ്ണൂർ) എന്നീ പത്തു ബ്ളോക്കുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും.സംരംഭകർക്ക് ആധുനിക യന്ത്രോപകരണങ്ങൾ പരിചയപ്പെടുന്നതിനും നൂതന സാങ്കേതിക വിദ്യകൾ മനസിലാക്കുന്നതിനും അവസരമൊരുക്കുന്നതിന്റെ ഭാഗമായാണ് മെഷീനറിടെക്നോളജി എക്സ്പോ സംഘടിപ്പിക്കുന്നത്. വിവിധ മേഖലകളിൽ നിന്നായി ഒട്ടേറെ പ്രമുഖ മെഷീൻ നിർമാതാക്കൾ പങ്കെടുക്കുന്നുണ്ട്.

## ലക്ഷ്യ സ്കോളർഷിപ്പിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകുന്നതിനു പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ലക്ഷ്യ' സ്കോളർഷിപ്പ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായപരിധി 01.04.2023 ൽ 2036 വയസ്.പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി നടത്തുന്ന പ്രവേശന പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്ക് (വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി) നീക്കി വച്ചിട്ടുണ്ട്. കോഴ്സ് ഫീ പരമാവധി ഒരു ലക്ഷം രൂപയാണ്. ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് പ്രതിമാസം 5000 + 1000 (പരമാവധി പത്ത് മാസം വരെ), പ്രിലിംസ് എഴുത്തു പരീക്ഷാ പരിശീലനം: 10,000 രൂപ, മെയിൻസ് എഴുത്തു പരീക്ഷാ പരിശീലനം: 10,000 രൂപ, ബുക്ക് കിറ്റ് അലവൻസ്: 5,000 രൂപ എന്നിങ്ങനെയും ലഭിക്കും. www.icsets.org വഴി ഓൺലൈനായി 30 നകം അപേക്ഷിക്കാം. അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712533272, 8547630004, 9446412579, www.icsets.org, icsets@gmail.com.

## കൊവിഡ്:
# കെയർ ഹോമിലുള്ളവരെ പ്രത്യേകം ശ്രദ്ധിക്കണം: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** സംസ്ഥാനത്ത് കോവിഡ് കേസുകൾ ചെറുതായി കൂടുന്നതിനാൽ വൃദ്ധസദനങ്ങൾ ഉൾപ്പെടെ കെയർ ഹോമിലുള്ളവരെ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ജില്ലകളിലെ കെയർ ഹോമുകൾ ഗൗരവത്തോടെ കാണണം. ഒരാൾക്ക് കോവിഡ് ബാധിച്ചാൽ കെയർ ഹോമിലുള്ള എല്ലാവരേയും പരിശോധിക്കണം. അല്ലെങ്കിൽ അവർക്ക് രോഗം ഗുരുതരമാകാൻ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു. കോവിഡ് സ്ഥിതി വിലയിരുത്തുന്നതിന് ചേർന്ന ആരോഗ്യ വകുപ്പിന്റേയും ജില്ലാ കളക്ടർമാരുടേയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.ആരോഗ്യ വകുപ്പ് സംസ്ഥാനതല, ജില്ലാതല പ്രതിരോധ പ്രവർത്തനങ്ങൾ നേരത്തെ തന്നെ ശക്തമാക്കിയിരുന്നു. സർക്കാർ, സ്വകാര്യ ആശുപത്രികൾ കോവിഡ് രോഗികൾക്ക് പ്രത്യേകമായി കിടക്കകൾ മാറ്റിവയ്ക്കാൻ നേരത്തെ തന്നെ പറഞ്ഞിരുന്നു. എന്നാൽ ചില സ്വകാര്യ ആശുപത്രികൾ ചികിത്സയിലുള്ളവർക്ക് കോവിഡ് ബാധിക്കുമ്പോൾ സർക്കാർ ആശുപത്രിയിലേക്ക് പറഞ്ഞു വിടുന്നെന്ന പരാതിയുണ്ട്. ജില്ലാ കളക്ടർമാർ സ്വകാര്യ ആശുപത്രികളുടെ യോഗം വിളിച്ചു ചേർത്ത് നിർദേശം നൽകണമെന്നും മന്ത്രി പറഞ്ഞു. ജില്ലകൾ സജ്ജമാണെന്ന് കളക്ടർമാർ അറിയിച്ചു. എല്ലാ ജില്ലകളും സർജ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആശുപത്രികൾ കോവിഡും നോൺ കോവിഡും ഒരുപോലെ കൊണ്ട് പോകണം. എറണാകുളം, തിരുവനന്തപുരം ജില്ലകൾ പരിശോധനകൾ കാര്യമായി നടത്തുന്നുണ്ട്. ഇനിയും പരിശോധനകൾ കൂട്ടണം. കേസുകൾ കൂടുന്നെങ്കിലും ആശങ്കപ്പെടേണ്ടതില്ല. വ്യാപനശേഷി വളരെ കൂടുതലാണ്. അതിനാൽ പ്രമേഹം, രക്തസമ്മർദം തുടങ്ങിയ മറ്റ് രോഗങ്ങളുള്ളവർ, പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. കിടപ്പ് രോഗികൾ വീട്ടിലുള്ളവർ പുറത്ത് പോയി വരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം.പ്രമേഹം, രക്തസമ്മർദം തുടങ്ങിയ മറ്റ് രോഗങ്ങളുള്ളവർ, പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ എന്നിവർ മാസ്ക് ധരിക്കണം. ആരോഗ്യ പ്രവർത്തകർ എൻ 95 മാസ്ക് ധരിക്കണം. ആശുപത്രിയിൽ പോകുന്നവർ കൃത്യമായി മാസ്ക് ധരിക്കണം.എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിലാണ് കോവിഡ് കേസുകൾ കൂടുതൽ. അഡ്മിഷൻ കേസുകൾ ചെറുതായി കൂടുന്നുണ്ട് എങ്കിലും ആകെ രോഗികളിൽ 0.9 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1 ശതമാനം പേർക്ക് മാത്രമാണ് ഐസിയു കിടക്കകളും വേണ്ടി വന്നിട്ടുള്ളത്.

## 'ഓപ്പറേഷൻ യെല്ലോ':
# 1,41,929 റേഷൻ കാർഡുകൾ പിടിച്ചെടുത്തു;പിഴയീടാക്കിയത് 7.45കോടി



**തിരുവനന്തപുരം:**2022 ഒക്ടോബറിൽ ആരംഭിച്ച 'ഓപ്പറേഷൻ യെല്ലോ' പദ്ധതിപ്രകാരം അനർഹമായി കൈവശം വെച്ച 1,41,929 റേഷൻ കാർഡുകൾ പിടിച്ചെടുക്കുകയും കാർഡ് ഉടമകളിൽ നിന്നും ആകെ7,44,35,761 രൂപ പിഴ ഈടാക്കുകയും ചെയ്തതായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ.ഇതിൽ 4.19 കോടി രൂപ ഈടാക്കിയത് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിലാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 9188527301 എന്ന മൊബൈൽ നമ്പറിലും 1967 എന്ന ടോൾഫ്രീ നമ്പറിലും ആണ് അനർഹമായി കൈവശംവെച്ച കാർഡുകളെ കുറിച്ചുള്ള വിവരം പൊതുജനങ്ങൾക്ക് അറിയിക്കാവുന്നത്.ഇങ്ങനെ ലഭ്യമായ പരാതികൾ ബന്ധപ്പെട്ട ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ എന്നിവരെ അറിയിച്ച് 48 മണിക്കൂറിനുള്ളിൽ അനർഹമായി കാർഡ് കൈവശം വച്ചവരിൽ നിന്നും അവർ വാങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ വില കണക്കാക്കി പിഴ ഈടാക്കുന്നതിനും കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 82,172 പി.എച്ച്.എച്ച് (പിങ്ക്) കാർഡുകളും 2,63,070 എൻ.പി.എൻ.എസ് (വെള്ള) കാർഡുകളും 6938 എൻ.പി.ഐ (ബ്രൗൺ) കാർഡുകളും ഉൾപ്പെടെ ആകെ 3,52,180 പുതിയ കാർഡുകൾ വിതരണം ചെയ്തു. കൂടാതെ ഇതുവരെയായി 3,18,197 പിങ്ക് കാർഡുകളും 24,233 മഞ്ഞ എ.എ.വൈ (മഞ്ഞ) കാർഡുകളും ഉൾപ്പെടെ 3,42,430 മുൻഗണനാ കാർഡുകൾ തരം മാറ്റി നൽകുകയും ചെയ്തു.റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഓൺലൈനായി 50,93,465 അപേക്ഷകൾ ലഭിച്ചു. ഇതിൽ 50,72,719 എണ്ണം തീർപ്പാക്കി. അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 5147 പേർക്ക് പുതിയതായി കാർഡ് നൽകുകയും ചെയ്തു.മാർച്ച് മാസം നടന്ന ഭക്ഷ്യ മന്ത്രിയുടെ പ്രതിമാസ ഫോൺഇൻ പരിപാടിയിൽ 23 പരാതികളാണ് ലഭിച്ചത്. പതിനഞ്ചോളം പരാതികൾ മുൻഗണനാ കാർഡിന് അപേക്ഷ സമർപ്പിച്ചതുമായി ബന്ധപ്പെട്ടതായിരുന്നു. സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഫെബ്രുവരി 20 ന് 50,479 കാർഡുകൾ വിതരണം ചെയ്തു. മറ്റു പരാതികൾ റേഷൻ വിതരണം സംബന്ധിച്ചും സപ്ലൈകോ സേവനങ്ങൾ സംബന്ധിച്ചുള്ളതായിരുന്നെന്നും ഓരോന്നും പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

### നിർമാണ വസ്തുക്കളുടെ വില നിയന്ത്രണം

# റെഗുലേറ്ററി സംവിധാനം ആലോചിക്കും: വ്യവസായ മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് കെട്ടിട നിർമാണ വസ്തുക്കളുടെ വിലക്കയറ്റത്തിന് തടയിടാൻ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഉള്ളതുപോലെ റെഗുലേറ്ററി സംവിധാനം കൊണ്ടുവരാൻ കഴിയുമോ എന്ന് സർക്കാർ ആലോചിക്കുമെന്ന് മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.സംസ്ഥാനത്തെ ക്വാറി ഉടമകൾ പ്രഖ്യാപിച്ച ക്വാറി അടച്ചിടൽ സമരം ജനങ്ങൾക്ക് നേരെയുള്ള വെല്ലുവിളിയാണ്. അടിസ്ഥാനരഹിതമായ കാരണങ്ങളാണ് സമരത്തിനായി ഉന്നയിച്ചിട്ടുള്ളത്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2023 ൽ കാലാനുസൃതമായി ഭേദഗതി ചെയ്തിരുന്നു. ഇതനുസരിച്ച്  റോയൽറ്റി നിരക്കുകളിൽ ചെറിയ വർധന മാത്രമാണ് സർക്കാർ നടപ്പാക്കിയത്. മെട്രിക് ടണ്ണിന് 24 രൂപയുള്ളത് 48 രൂപയാക്കിയാണ് കൂട്ടിയത്. കേന്ദ്ര നിയമമനുസരിച്ച് മൂന്നുവർഷം കൂടുമ്പോൾ വില വർധിപ്പിക്കേണ്ടതുണ്ട്. എന്നാൽ 2015 ന് ശേഷം ആദ്യമായാണ് സംസ്ഥാന സർക്കാർ ചുരുങ്ങിയ വില വർധന നടപ്പാക്കിയത്.ഇക്കാരണം ഉന്നയിച്ചാണ് ക്വാറി ഉടമകൾ സമരത്തിനിറങ്ങിയത്. റോയൽറ്റി വർധന കാലാനുസൃതമായി മാത്രമാണെന്ന് വ്യവസായ മന്ത്രി ചൂണ്ടിക്കാട്ടി. കർണാടകയിൽ മെട്രിക് ടണ്ണിന് 100 രൂപ ഈടാക്കുമ്പോൾ കേരളത്തിൽ ചട്ടഭേദഗതിക്ക് ശേഷവും 48 രൂപയാണ്. എംസാൻഡിന് റോയൽറ്റിയിലും ഡീലേഴ്സ് ലൈസൻസ് ഫീസ് ഇനത്തിലുമായി 2.83 രൂപയാണ് വർധിപ്പിച്ചത്. മെറ്റലിന് 2.56 രൂപയാണ് വർധിപ്പിച്ചത്. എന്നാൽ ഇത് ചൂണ്ടിക്കാട്ടി ഭീമമായ വർധനവാണ് നിർമാണ വസ്തുക്കൾക്ക് ജനങ്ങളിൽനിന്ന് ക്വാറി ഉടമകളും ഡീലർമാരും ഈടാക്കുന്നത്. റോയൽറ്റി വർധനവിന് ആനുപാതികമായി പരമാവധി ഒന്നോ രണ്ടോ രൂപ വർധിപ്പിക്കേണ്ടിടത്താണ് അഞ്ചു രൂപ വരെ ക്വാറി ഉടമകൾ കൂട്ടിയത്.സർക്കാർ ടൺ പ്രകാരമാണ് വില വർധിപ്പിച്ചതെങ്കിൽ അടി കണക്കിലാണ് ക്വാറി ഉടമകൾ എംസാൻഡും മെറ്റലും മറ്റും വിൽക്കുന്നത്. മാത്രമല്ല റോയൽറ്റി വർധന നടപ്പാക്കുന്നതിനു മുമ്പ് തന്നെ നിർമാണ വസ്തുക്കളുടെ വില കൂട്ടിയിരുന്നു. പിഴ സംഖ്യ വർധിപ്പിച്ചത് ശരിയല്ല എന്നാണ് ക്വാറി ഉടമകളുടെയും ഡീലർമ്മാരുടെയും മറ്റൊരു പരാതി. എന്നാൽ നിയമപരമായി ക്വാറി നടത്തുന്നവർക്ക് ഇതൊരു പ്രശ്നമേ അല്ലെന്ന് മന്ത്രി വ്യക്തമാക്കി.പിഴയും ശിക്ഷയും കുറവായതിനാലാണ് ക്വാറി മേഖലയിൽ നിയമലംഘനങ്ങൾ വ്യാപകമായത്. അത് ഒഴിവാക്കാനാണ് പിഴ വർധിപ്പിച്ചത്. തുടർച്ചയായി ക്വാറി അടച്ചിടാനാണ് ഉദ്ദേശമെങ്കിൽ ക്വാറികളുടെ പെർമിറ്റിന്റേയും ലീസിന്റേയും കാര്യത്തിൽ നിയമപരമായി എന്ത് ചെയ്യാനാവും എന്ന് സർക്കാർ ആലോചിക്കുമെന്ന് മന്ത്രി രാജീവ് വ്യക്തമാക്കി.ഈ വർഷം ഏപ്രിലിന് മുമ്പ് നടന്ന ചട്ടലംഘനങ്ങൾ ചട്ടഭേദഗതിക്ക് മുൻപുള്ള നിയമം വെച്ചാണ് നടപടി ീകരിക്കുക. ഇതിനു വേണ്ടി പ്രത്യേക അദാലത്ത് നടത്തും. ക്വാറിക്കാർ ഉന്നയിച്ച മറ്റ് പ്രശ്നങ്ങളിൽ പ്രായോഗിക പരിഹാരം സർക്കാർ ആരായുമെന്നും നിയമം പാലിച്ച് ക്വാറി നടത്തുന്നവർക്ക് എല്ലാ പിന്തുണയും നൽകുമെന്നും വ്യവസായ മന്ത്രി പറഞ്ഞു.



# എ ഐ ക്യാമറ: മേയ് 19 വരെ പിഴയീടാക്കില്ല: മന്ത്രി ആന്റണിരാജു

**തിരുവനന്തപുരം:** മേയ് 19 വരെ എ ഐ ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് പിഴയീടാക്കില്ലെന്ന് ഗതാഗത മന്ത്രി ആന്റണിരാജു പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ ഉൾപ്പെടുന്ന ഡിജിറ്റൽ എൻഫോഴ്സ്മെന്റ് പദ്ധതിയുടെയും പിവിസി പെറ്റ്ജി കാർഡ് ഡ്രൈവിംഗ് ലൈസൻസുകളുടെയും ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ കാലയളവ് ബോധവത്ക്കരണ മുന്നറിയിപ്പ് മാസമായി ആചരിക്കും. ഈ സമയം നിയമം ലംഘിക്കുന്നവരുടെ മൊബൈലിൽ ഇതേക്കുറിച്ച് സന്ദേശമെത്തും. നിയമലംഘനത്തിന്റെ പിഴ എത്രയാണെന്ന അറിയിപ്പുമുണ്ടാവും. ഇപ്പോൾ എ. ഐ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് മറ്റൊരിടത്തേക്ക് ആവശ്യമെങ്കിൽ വേഗത്തിൽ മാറ്റി സ്ഥാപിക്കാൻ കഴിയും.ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ സ്മാർട്ട് ആകുന്നതുപോലെ ആർ സി ബുക്കുകളും സ്മാർട്ട് കാർഡുകളാക്കുമെന്ന് മന്ത്രി പറഞ്ഞു. മേയ് മുതൽ ഇത് നടപ്പാകും. ഇതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. റോഡുകൾ മെച്ചപ്പെടുന്ന സാഹചര്യത്തിൽ വാഹനങ്ങളുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള വേഗത ഉയർത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കും. ഇപ്പോൾ കൈവശമുള്ള ലൈസൻസുകൾ സ്മാർട്ട് കാർഡുകളാക്കി മാറ്റാം. ഇതിനായി ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർ 200 രൂപയും പോസ്റ്റൽ ചാർജും അടച്ചാൽ മതി. അതിനു ശേഷം ഡ്യൂപ്ലിക്കേറ്റ് കാർഡ് എടുക്കുന്നതിനുള്ള 1200 രൂപയും പോസ്റ്റൽ ചാർജും അടയ്ക്കേണ്ടി വരും.ഇരുചക്ര വാഹനങ്ങളിൽ രണ്ടിലധികം പേർ യാത്ര ചെയ്യരുതെന്നത് കേന്ദ്ര നിയമമാണ്. ഇതിൽ മാറ്റം വരുത്താനുള്ള അധികാരം സംസ്ഥാനത്തിനില്ല. അമിത വേഗത കണ്ടെത്താനുള്ള നാലു മൊബൈൽ യൂണിറ്റുകളും നിരത്തിലെത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രം നിശ്ചയിച്ചിരിക്കുന്ന പിഴ തുകയേക്കാൾ കുറവാണ് സംസ്ഥാനം ഈടാക്കുന്നത്.കേരളത്തിൽ 2007 ൽ 40 ലക്ഷം വാഹനം ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 1.67 കോടി വാഹനങ്ങളുണ്ട്. ഒരു വർഷം ശരാശരി 40,000 വാഹനാപകടങ്ങൾ ഉണ്ടാകുന്നു. ഇതിൽ 4000 മരണം സംഭവിക്കുന്നുണ്ട്. 58 ശതമാനവും ഇരുചക്ര വാഹന യാത്രികരാണ്. 25 ശതമാനം കാൽനടയാത്രക്കാരാണ്. ഹെൽമെറ്റും സീറ്റ്ബെൽറ്റും ധരിക്കാത്തതിനാലാണ് മരണത്തിൽ പകുതിയും സംഭവിക്കുന്നതെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു



## സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികം: ഫോട്ടോഗ്രഫി മത്സരതീയതി നീട്ടി

**തിരുവനന്തപുരം:**സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന ഫോട്ടോഗ്രഫി മത്സരത്തിൽ ഏപ്രിൽ 25 വൈകിട്ട് 5 വരെ എൻട്രികൾ സ്വീകരിക്കും. 'വികസനം, ക്ഷേമം  സന്തോഷക്കാഴ്ചകൾ' ആണ് വിഷയം.
https://forms.gle/Cp6CkmCDGbidpgf96 എന്ന ലിങ്ക് മുഖേന എൻട്രി നൽകാം.ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 25,000 രൂപ, 15,000 രൂപ, 10,000 രൂപ വീതം സമ്മാനം ലഭിക്കും. പത്തു പേർക്ക് പ്രോത്സാഹന സമ്മാനമായി സർട്ടിഫിക്കറ്റുകൾ നൽകും.  ഒരാൾക്ക് 10 എം.ബിക്ക് മുകളിലുള്ള മൂന്നു എൻട്രികൾ വരെ അയയ്ക്കാം. നിലവാരമില്ലാത്ത  ഫോട്ടോകൾ പരിഗണിക്കില്ല. ഡിജിറ്റൽ ക്യാമറയിൽ പകർത്തിയ ഫോട്ടോകൾ മാത്രമാണ് പരിഗണിക്കുക.മാധ്യമസ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫറായി ജോലിചെയ്യുന്നവർക്കും പ്രൊഫഷണൽ, അമചർ ഫോട്ടോഗ്രാഫർമാർക്കും  അപേക്ഷിക്കാം. കൃത്രിമ  ഫോട്ടോകൾ സ്വീകരിക്കില്ല. ഫോട്ടോകളിൽ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള എഡിറ്റിംഗ് പാടില്ല. എന്നാൽ ക്രോപ്പിങ്, നിറവ്യതിയാനം എന്നിവ യഥാർത്ഥ ഫോട്ടോയുടെ ആധികാരികതയും വിശ്വാസ്യതയും ഹനിക്കാതെ നടത്താം. ഓരോ ഫോട്ടോയ്ക്കും അനുയോജ്യമായ ശീർഷകവും  ഫോട്ടോയെ സംബന്ധിക്കുന്ന സാഹചര്യം, സ്ഥലം എന്നിവയും നൽകണം. മത്സരത്തിന് ലഭിക്കുന്ന  ഫോട്ടോകൾ പി. ആർ. ഡിക്ക് നിയന്ത്രണവിധേയമായി ഉപയോഗിക്കാൻ അവകാശമുണ്ടായിക്കും. അവാർഡുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെതായിരിക്കും.

## പ്രോജക്ട് ഫെല്ലോ ഒഴിവ്

**തിരുവനന്തപുരം:** കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോയെ നിയമിക്കുന്നു. ബോട്ടണി/ പ്ലാന്റ് സയൻസ് എന്നിവയിലൊന്നിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം. മോളിക്യൂലാർ മൈക്രോബയൽ ടാക്സോണമി/ മോളിക്യൂലാർ പ്ലാന്റ് പത്തോളജി/ മോളിക്യുലാർ ബയോളജി എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ പരിചയമുള്ളവർ പ്രസിദ്ധീകരണങ്ങളുടെ തെളിവ് ഹാജരാക്കിയാൽ മുൻഗണന ലഭിക്കും. 2026 ജനുവരി 24 വരെയാണ് നിയമനം. പ്രതിമാസം 22000 രൂപ ഫെല്ലോഷിപ്പ് ലഭിക്കും. 2023 ജനുവരി 1 ന് 36 വയസ് കവിയരുത്. പട്ടികജാതി പട്ടിക വർഗക്കാർക്ക് അഞ്ചും മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് മൂന്ന് വർഷവും നിയനാനുസൃത വയസിളവ് ലഭിക്കും. താത്പര്യമുള്ളവർ 26 ന് രാവിലെ 10 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## വനഗവേഷണ സ്ഥാപനത്തിൽ താത്കാലിക ഒഴിവ്

**തിരുവനന്തപുരം:** കേരള വന ഗവേഷണ സ്ഥാപനത്തിൽ മൂന്ന് വർഷം കാലാവധിയുള്ള സമയ ബന്ധിത ഗവേഷണ പദ്ധതിയായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഇൻസെക്ടറിയം ആൻഡ് ഇൻസെക്ട മോഡൽ സിസ്റ്റം വിത്ത് സ്പെഷ്യൽ ഫോകസ് ഓൺ ട്രോപ്പിക്കൽ ഫോറെസ്റ്ററിയിൽ ഒരു പ്രോജക്ട് ഫെല്ലോയുടെ താത്കാലിക ഒഴിവുണ്ട്. കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ മെയ് 19 ന് രാവിലെ 10 ന് ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്: ०००.സള്യശ.ൃലേ.ശി സന്ദർശിക്കുക.

## സമ്മർ ക്യാമ്പ്

**തിരുവനന്തപുരം:** കേരള സംസ്ഥാന ജൈവവൈവിധ്യ മ്യൂസിയത്തിൽ മെയ് 2 മുതൽ 26 വരെ സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. 10 വയസു മുതൽ 15 വയസുവരെയുള്ള വിദ്യാർഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 2000 രൂപ. ബി.പി.എൽ, എസ്.സി, എസ്.ടി 1000 രൂപ. വിശദ വിവരങ്ങൾക്ക്
www.keralabiodiverstiy.org.

# ഗവ. ഐ.ടി.ഐകളിൽ നൂതന കോഴ്സുകൾ ആരംഭിക്കും : മന്ത്രി വി. ശിവൻകുട്ടി



**കൊച്ചി:** ഗവണ്മെന്റ് ഐ.ടി.ഐകളിൽ കാലഹരണപ്പെട്ട വിഷയങ്ങൾക്ക് പകരം നിലവിൽ സാധ്യതകളുള്ള നൂതന കോഴ്സുകൾ ആരംഭിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി പറഞ്ഞു. വേങ്ങൂർ ഗവ. ഐ.ടി.ഐക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നാടിന് സമർപ്പിച്ചത്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടം ഉന്നത വിദ്യാഭ്യാസ രംഗത്തും ആവർത്തിക്കപ്പെടുകയാണ്. ഓരോ വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ഐ.ടി.ഐ പോലുള്ള സാങ്കേതിക വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് ഏത് വലിയ സ്ഥാപനത്തിലും പ്രയാസമില്ലാതെ ജോലി ലഭിക്കണം. അതിനാവശ്യമായ മികച്ച പരിശീലനമാണ് സർക്കാർ സ്ഥാപനങ്ങളിൽ ഒരുക്കുന്നത്. ഇവയെല്ലാം വിദ്യാർത്ഥികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. വേങ്ങൂർ ഐ.ടി.ഐയുടെ പുതിയ കെട്ടിടം ഒരു നാടിന്റെ സ്വപ്നമായിരുന്നു. നിലവിൽ ഒന്നാം ഘട്ട നിർമ്മാണമാണ് പൂർത്തിയായിരിക്കുന്നത്. സമയബന്ധിതമായി രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുമെന്നും പുതിയ കോഴ്സുകൾ അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു. അഞ്ച് കോടി രൂപ ചെലവിൽഅത്യാധുനിക നിലവാരത്തിൽ12,000 ചതുരശ്രയടി വിസ്തീർണത്തിലാണ് ഐ.ടി.ഐ കെട്ടിടം ഒരുക്കിയിരിക്കുന്നത്. വർക്ക് ഷോപ്പുകൾ, ക്ലാസ് മുറികൾ, ഐ.ടി ലാബ്, ഓഫീസ് മുറി, സ്റ്റാഫ് മുറി, സ്റ്റോർ തുടങ്ങിയ സൗകര്യങ്ങൾ കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്. നെടുങ്ങപ്രയിലെ പഞ്ചായത്ത് ഷോപിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചു വന്നിരുന്ന ഐ.ടിഐയ്ക്ക് ഗ്രാമപഞ്ചായത്ത് കൈമാറിയ തൂങ്ങാലിയിലെ 1.72 ഏക്കർ സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. 2010ൽ രണ്ട് ട്രേഡുകളിൽ പരിശീലനം നൽകി ആരംഭിച്ച വേങ്ങൂർ ഐ.ടി.ഐയിൽ ഇപ്പോൾ മൂന്ന് ട്രേഡുകളാണുള്ളത്. ഭാവിയിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൂടിയാണ് പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഇലക്ട്രിക്കൽ, സിവിൽ, കമ്പ്യൂട്ടർ കോഴ്സുകൾ ആണ് നിലവിൽ ഇവിടെ പഠിപ്പിക്കുന്നത്. ഉദ്ഘാടന ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ, മുൻ എം.എൽ.എ സാജു പോൾ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ചെയർമാൻ ബാബു ജോസഫ്, വേങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിൽപ സുധീഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷൈമി വർഗീസ്, ശാരദ മോഹൻ, മനോജ് മൂത്തേടൻ, വ്യവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ കെ.പി ശിവശങ്കരൻ, ഐ.ടി.ഐ പ്രിൻസിപ്പൽ സിന്ധു പോൾ, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വാഴക്കുളം ഗവ.എൽ.പി.സ്കൂളിന് പുതിയ കെട്ടിടം: നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം



**കൊച്ചി:** സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ രംഗം ലോകത്തിന് തന്നെ മാതൃകയാണെന്ന് പി വി. ശ്രീനിജിൻ എം.എൽ.എ. പറഞ്ഞു . തെക്കേ വാഴക്കുളം ഗവ. എൽ. പി. സ്കൂളിൽ നിർമ്മിക്കുന്ന പുതിയ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടത്തുന്ന ഇടപെടലുകൾ പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ മന്ദിരത്തിന്റെ നിർമ്മാണം. മൂന്ന് ക്ലാസ്സ് മുറികളും ഒരു സ്റ്റെയർ റൂമും ഉൾപ്പെടുന്നതാണ് പുതിയ കെട്ടിടം.വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗോപാൽ ഡിയോ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻവർ അലി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ .എം സിറാജ് , ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷെജീന ഹൈദ്രോസ്, എ.ഇ.ഒ. വി. രമ, സ്കൂൾ രക്ഷാധികാരി എ .കെ. മുരളീധരൻ, പഞ്ചായത്ത് അംഗങ്ങൾ, പി.ടി.എ. ഭാരവാഹികൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

# വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ്




**തിരുവനന്തപുരം:** കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2021-22 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ട്രൂയിങ്അപ്പ് ചെയ്യുന്നതിനുള്ള പെറ്റീഷനുകളിൽ പൊതുതെളിവെടുപ്പ് നടത്തും. 26ന് രാവിലെ 11 മണിക്ക് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിലാണ് തെളിവെടുപ്പ്. വീഡിയോ കോൺഫറൻസ് മുഖേനയും പൊതുതെളിവെടുപ്പിൽ പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുക്കാൻ താത്പര്യമുള്ളവർ 25ന് ഉച്ചയ്ക്ക് 12ന് മുമ്പ് പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org യിൽ അറിയിക്കണം. തപാൽ മുഖേനയും ഇമെയിൽ മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ/ ഇമെയിൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 26ന് വൈകിട്ട് അഞ്ചുവരെ വരെ സ്വീകരിക്കും. പെറ്റീഷൻ www.erckerala.org യിൽ പരിശോധിക്കാം.

# പട്ടിക വർഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കും : മന്ത്രി കെ. രാധാകൃഷ്ണൻ

**കൊച്ചി:** മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലൂടെയെ പട്ടിക വർഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കാൻ കഴിയൂ എന്ന് പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ. പട്ടിക വർഗ വിദ്യാർത്ഥികൾക്കായി എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്ന നിയമ പ്രവേശന പരീക്ഷ (ആദ്യ ഘട്ടം) ക്രാഷ് കോഴ്സ് 'നിയമകിരണം' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ തരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനെക്കാൾ മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതാണ് പിന്നാക്ക വിഭാഗത്തിന്റെ ഉന്നമനത്തിന് കൂടുതൽ ഫലപ്രദം. അതുകൊണ്ട് തന്നെ പിന്നാക്ക വിഭാഗത്തിലുള്ള കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനാണ് സർക്കാർ മുഖ്യ പരിഗണന കൊടുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നുവാൽസ് , കുസാറ്റ് സർവകലാശാലകളുടെ സഹകരണത്തോടെയാണ് പട്ടിക വർഗ വിദ്യാർത്ഥികൾക്ക് നിയമ എൻട്രൻസ് പരിശീലനം നൽകുന്നത്. കറുകടം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സംഘടിപ്പിച്ച പരിപാടിയിൽ ആന്റണി ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു. സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി (ഡി.എൽ.എസ്.എ) സെക്രട്ടറിയുമായ എൻ. രഞ്ജിത്ത് കൃഷ്ണൻ, മുൻസിഫ് മജിസ്ട്രേറ്റും കോതമംഗലം താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി ചെയർപേഴ്സണുമായ ജെ. ശ്രീജ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അനിൽ ഭാസ്കർ, കുസാറ്റ് എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ഡോ. എസ് .അപർണ്ണ ലക്ഷ്മണൻ, നുവാൽസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപർണ്ണ ശ്രീകുമാർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ പി. രാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# സ്പോർട്സ് യോഗ :പ്രവേശന തീയതി നീട്ടി

**തിരുവന്തപുരം:** സ്കോൾ കേരള മുഖേന നാഷണൽ ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ കോഴ്സ് ഒന്നാം ബാച്ചിലേക്കുള്ള പ്രവേശന തീയതി നീട്ടി. പിഴയില്ലാതെ ഏപ്രിൽ 29 വരെയും 100 രൂപ പിഴയോടെ മെയ് 5 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗനിർദ്ദേശങ്ങൾക്ക് www.scolekerala.org സന്ദർശിക്കുക.

# കുട്ടികളുടെ ഡിജിറ്റൽ ശാക്തീകരണം; അപ്നി പാഠശാലയും സെല്ലിജിയോൺ പ്രാഹോയും കൈകോർക്കുന്നു



**കൊച്ചി:** കുട്ടികളുടെ ഡിജിറ്റൽ വിദ്യാഭ്യാസം ലക്ഷ്യമിട്ട് രാജ്യത്താദ്യമായി തദ്ദേശീയമായി സ്ഥാപിക്കപ്പെട്ട ഹൈബ്രിഡ് ക്ലൗഡ് കമ്പ്യൂട്ടറായ സെല്ലിജിയോൺ പ്രാഹോ അപ്നി പാഠശാലയുമായി കൈകോർത്ത് കമ്യൂണിറ്റിഅധിഷ്ഠിത ലേണിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തുടക്കമിട്ടു. രാജ്യത്തെമ്പാടുമായി കുട്ടികൾക്ക് ഉന്നതഗുണനിലവാരമുള്ള ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനായി ലേണിംഗ് പോഡുകൾ സ്ഥാപിക്കുന്നതിലൂടെയാണ് ഇത് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിൽ പാലക്കാടും ഇടുക്കിയിലുമുള്ള സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, തൃശൂരിലെ ആത്മാ ട്രസ്റ്റ്, എറണാകുളത്ത് മിത്ര ട്രസ്റ്റ് എന്നിവിടങ്ങളിൽ അപ്നി പാഠശാല ലേണിംഗ് പോഡുകൾക്ക് തുടക്കം കുറിച്ചു. ഉപയോഗിക്കാൻ എളുപ്പമായ മൊഡ്യൂളുകളിലൂടെ ബൈറ്റ്സൈസ്ഡ് ലേണിംഗ് സാധ്യമാക്കുന്ന സെന്ററുകളായാണ് ഇവ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതെന്ന് സെല്ലിജിയോൺ സഹസ്ഥാപകൻ അപേക്ഷാ മേത്തയും അപ്നി പാഠശാല സ്ഥാപകൻ ഡോ. അനിരുദ്ധ മൽപാനിയും പറഞ്ഞു.പരമാവധി താഴ്ന്ന ചെലവിൽ രാജ്യമെമ്പാടുമുള്ള വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് മികച്ച ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനാണ് അപ്നി പാഠശാല ഇപ്പോൾ സെല്ലിജിയോണുമായി കൈകോർത്തിരിക്കുന്നത്. വിദ്യാർത്ഥികളെ വിലയിരുത്തുക, അവർക്കുള്ള കമ്പ്യൂട്ടറുകൾ, കീബോർഡുകൾ, മൗസ്, മോണിട്ടറുകൾ, സ്പീക്കറുകൾ, ഇയർഫോണുകൾ, വെബ്ക്യാമുകൾ എന്നിവയും വിൽപ്പനാനന്തര സേവനവും നൽകുന്നതാകും സെല്ലിജിയോണിന്റെ പ്രധാന പങ്ക്. സെല്ലിജിയോണിന്റെ ഡിവൈസ് റിപ്ലേസ്മെന്റ് ഗ്യാരന്റി പ്രകാരമാകും എല്ലാ ഉപകരണങ്ങളും നൽകുക.നിലവിലെ സാമ്പത്തികസാഹചര്യങ്ങളിൽ വിദ്യാഭ്യാസ, തൊഴിൽമേഖലകളിൽ ഡിജിറ്റൈസേഷൻ ഏറ്റവും അത്യന്താപേക്ഷിതമാണെന്ന് അപേക്ഷാ മേത്ത പറഞ്ഞു.

# കൊച്ചി മാരത്തോൺ: ഡിബോംഗോ സ്പോട്ടി ഫാഷൻ പങ്കാളി

കൊച്ചി: ഇന്ത്യയിലെ ഏറ്റവും പുതിയ സ്പോർട്ടി ഫാഷൻ ബ്രാൻഡായ ഡിബോംഗോ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിൽ സ്പോട്ടി ഫാഷൻ പങ്കാളികളാവുന്നു. ക്ലീൻ, ഗ്രീൻ, സേഫ് കൊച്ചി എന്ന മുദ്രാവാക്യം ഉയർത്തി കൊച്ചിയെ സ്പോർട്സ് ടൂറിസം കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യങ്ങളോടെയാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ക്ലിയോനെറ്റ്,




സ്പോർട്സ്പ്രോ എന്നിവയുടെ സംയുക്ത സംരംഭമായ ക്ലിയോസ്പോർട്സിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ മെയ് ഒന്നി ന് കൊച്ചി മഹാരാജാസ് ഗ്രൗണ്ടിൽ നിന്നും ഫ്ളാഗ് ഓഫ് ചെയ്യും. 42.195 കിലോമീറ്റർ മാരത്തോൺ, 21.097 കിലോമീറ്റർ ഹാഫ് മാരത്തോൺ, 10 കിലോമീറ്റർ റൺ, 3 കിലോമീറ്റർ, ഗ്രീൻ റൺ എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് നടക്കുന്നത്. വിനോദ ഓട്ടമായ ഗ്രീൻ റണ്ണിൽ സ്കൂളുകൾ, കോളേജുകൾ, ഹൗസിങ് സൊസൈറ്റികൾ, വനിത സംഘടനകൾ, കോർപ്പറേറ്റ് ജീവനക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവർ പങ്കാളികളാവും. 'യു ആർ യു' എന്ന മുദ്രാ വാചകവുമായി കൗമാരക്കാരേയും യുവജനങ്ങളേയും ലക്ഷ്യമിട്ടുള്ള സ്പോർട്ടി ഫാഷൻ ഉൽപ്പന്നങ്ങളാണ് ഡിബോഗോ ബ്രാൻഡിൽ എത്തുന്നത്. ആദ്യ ഘട്ടത്തിൽ ഷൂസ്, സാൻഡൽസ്, സ്ലൈഡേഴ്സ്, ബാഗ്സ് തുടങ്ങിയ ഉൽപ്പന്നങ്ങളും, രണ്ടാം ഘട്ടത്തിൽ അപ്പാരൽ, ആസസറീസ് ഉൽപ്പന്ന ശ്രേണികളും വിപണിയിലെത്തിക്കാനാണ് ഡിബോംഗോ ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര ഫാഷൻ ബ്രാൻഡുകളുടെ ഗുണനിലവാരത്തിനൊപ്പം താങ്ങാവുന്ന വിലയാണ് ഡിബോംഗോ ഉൽപ്പന്നങ്ങളുടെ മുഖ്യ ആകർഷണം. പിയു പാദരക്ഷാ നിർമ്മാണത്തിൽ പ്രമുഖരായ വികെസി ഗ്രൂപ്പിന് കീഴിലുള്ള ഏറ്റവും പുതിയ ഫാഷൻ ബ്രാൻഡാണ് ഡിബോംഗോ. ബോളിവുഡ് ഇതിഹാസം അമിതാഭ് ബച്ചൻ ആണ് ഡിബോംഗോ ബ്രാൻഡ് അംബാസഡർ.'കായികക്ഷമതയും അത്‌ലറ്റിക് മികവുകളും മാത്രമല്ലാതെ ഒരു കൂട്ടായ്മയുടെയും ഒത്തുചേരലിന്റെയും കൂടി വേദിയായ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിൽ പങ്കാളികളാവാൻ സാധിച്ചതിൽ ഒരുപാട് അഭിമാനമുണ്ടെന്ന്' വികെസി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ വികെസി റസാക്ക് പറഞ്ഞു.

# ഒറ്റദിവസം 3,750 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്ത് തമിഴ്നാട്ടിലെ ബാങ്കുകൾ




കൊച്ചി: തമിഴ്നാട് സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രത്യേക വായ്പാ വിതരണ പരിപാടി ചെന്നൈയിൽ സംഘടിപ്പിച്ചു. കേന്ദ്ര ധനകാര്യ സഹമന്ത്രി ഡോ. ഭഗവത് കൃഷ്ണറാവു കാറാഡിന്റെ അധ്യക്ഷതയിലായിരുന്നു പരിപാടി. യോഗത്തിൽ സംസ്ഥാനത്തെ ബാങ്കുകൾ 3570 കോടി രൂപയുടെ വായ്പകൾ 2.27 ലക്ഷം ഉപഭോക്താക്കൾക്കായി അനുവദിച്ചു. മുദ്ര, സ്റ്റാൻഡപ്പ് ഇന്ത്യ, സ്വയം സഹായ സംഘം, കൃഷി, എംഎസ്എംഇ പിഎംഎസ്വിഎ നിധി, പിഎംഎഫ്എംഇ, പിഎംഇജിപി എന്നീ വിവിധ പദ്ധതികളിലായാണ് ഈ തുക അനുവദിച്ചത്. തമിഴ്നാട് എസ്എൽബിസി ചെയർമാനും ഇന്ത്യൻ ഓവർസീസ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറുമായ എസ് ശ്രീമതി, ഇന്ത്യൻ ഓവർസീസ് ബാങ്ക് എംഡി ആന്റ് സിഇഒയുമായ ശാന്തിലാൽ ജെയിൻ, ധനവകുപ്പ് സെക്രട്ടറി വി അരുൺ റോയ് ഐഎഎസ്, റിസർവ് ബാങ്ക് റീജനൽ ഡയറക്ടർ എസ് എം എൻ സ്വാമി, തമിഴ്നാടിലെ വിവിധ ബാങ്കുകളുടെ പ്രതിനിധികൾ, നബാർഡ്, റിസർവ് ബാങ്ക് ഉന്നത ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# എൻ.സി.ഡി. വഴി 5,000 കോടി സമാഹരിക്കാൻ ചോളമണ്ഡലം ഫിനാൻസ്

**കൊച്ചി:** ഓഹരിയാക്കി മാറ്റാൻ പറ്റാത്ത കടപ്പത്രങ്ങളുടെ (എൻ.സി.ഡി.) വിൽപനയിലൂടെ ചോളമണ്ഡലം ഫിനാൻസ് 5,000 കോടി രൂപ സമാഹരിക്കുന്നു. ആദ്യ പടിയായി 1000 കോടി രൂപയാണ് സമാഹരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഏപ്രിൽ 25ന് ആരംഭിക്കുന്ന ആദ്യ വിൽപന മേയ് ഒമ്പതിന് അവസാനിക്കും. 1,000 രൂപയാണ് കടപ്പത്രങ്ങളുടെ മുഖവില.കമ്പനിയുടെ പ്രഥമ പബ്ലിക് ഇഷ്യുവാണിത്. റേറ്റിങ് ഏജൻസികളായ ഇന്ത്യ റേറ്റിങ്സിന്റെയും ഇക്രയുടെയും എ.എ. പ്ലസ് (സ്റ്റേബിൾ) റേറ്റിങ് ആണ് എൻ.സി.ഡി.കൾക്കുള്ളത്. 8.40 ശതമാനം വരെ വാർഷിക പലിശ ലഭിക്കുന്ന നിക്ഷേപ അവസരങ്ങളാണുള്ളത്. 22 മാസം, 37 മാസം, 60 മാസം എന്നിങ്ങനെ മൂന്ന് കാലാവധിയിൽ ഓപഷനുകൾ ലഭ്യമാണ്. ഇഷ്യുവിന് ശേഷം എൻ.സി.ഡി.കൾ ബി.എസ്.ഇ.യിലും എൻ.എസ്.ഇ.യിലും ലിസ്റ്റ് ചെയ്യുമെന്നും കമ്പനി അധികൃതർ അറിയിച്ചു.